പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1812 — 06.07.2015-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി. വിജയദാസ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ജൂൺ ഒന്നു മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ 10.04.15 ലെ 30035/15/97 FY(T-1) Vol.IV നം. ഉത്തരവ് പ്രകാരം പടിഞ്ഞാറൻ മേഖലയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിനു പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm – 200nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിനോടൊപ്പം കേന്ദ്ര സർക്കാർ പുറത്തിറക്കിയ മെമ്മോറാണ്ടം പ്രകാരം നിലവിൽ 61 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്താത്ത സംസ്ഥാനങ്ങൾ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് പരിശോധിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015 വർഷം കേരളാ ഗവൺമെന്റ് മുൻകാലങ്ങളിലെപ്പോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് നടപ്പിലാക്കുന്നത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ടെറിട്ടോറിയൽ മേഖലയിൽ മത്സ്യബന്ധനം നടത്താവുന്നതാണ്. |
| (ബി) | ഇക്കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി 2015-16 സാമ്പത്തിക വർഷം 2405-00-800-34 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനായി 2405-00-800-75 (പ്ലാൻ) എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ